**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **08-12-2022 - ൽ മറുപടിയ്ക്ക്**

**കായൽ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാടൻ മേഖലയിലെ കായൽ ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) | **കുട്ടനാട് മേഖലയിലെ കായൽ വിനോദ സഞ്ചാരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി ഹൗസ് ബോട്ട് ടെർമിനലുകളും രണ്ട് നൈറ്റ് ഹാൾട്ട് ടെർമിനലുകളും പൂർത്തിയാക്കിയിട്ടുണ്ട്.** |
| (ബി) | കായൽ ടൂറിസം നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു ; വ്യക്തമാക്കുമോ; | (ബി) | **വേമ്പനാട് കായലും പരിസരവും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായതിനാൽ, തണ്ണീർത്തട സംരക്ഷണ നിയമങ്ങൾക്കു വിധേയമായി പദ്ധതി നടത്തിപ്പിനു ഭൂമി കണ്ടെത്തുക എന്നതാണു കായൽ ടൂറിസം പദ്ധതികൾ നടപ്പാക്കാനുള്ള പ്രധാന വെല്ലുവിളി.<br><br>എങ്കിലും കായൽ ടൂറിസത്തിന്റെ സാധ്യത മുൻനിർത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി, ഈ മേഖലയിൽ വിനോദ സഞ്ചാര വികസനത്തിനു യോജിച്ചതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ പദ്ധതികൾ നടപ്പാക്കാനാണു ശ്രമിക്കുന്നത്.<br><br>കായൽ ടൂറിസം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമായ മാലിന്യ സംസ്കരണത്തിനായി എച്ച് ബ്ലോക്ക് കായലിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്.** |
| (സി) | പ്രസ്തുത മേഖലയിലെ വികസനത്തിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (സി) | **വേമ്പനാട് കായലും പരിസരവും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായതിനാൽ, തണ്ണീർത്തട സംരക്ഷണ നിയമങ്ങൾക്കു വിധേയമായി പദ്ധതി നടത്തിപ്പിനു ഭൂമി കണ്ടെത്തുക എന്നതാണു കായൽ ടൂറിസം പദ്ധതികൾ നടപ്പാക്കാനുള്ള പ്രധാന വെല്ലുവിളി.** |

| | | | |
|---|---|---|---|
| | | | എങ്കിലും കായൽ ടൂറിസത്തിന്റെ സാധ്യത മുൻനിർത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി, ഈ മേഖലയിൽ വിനോദ സഞ്ചാര വികസനത്തിനു യോജിച്ചതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ പദ്ധതികൾ നടപ്പാക്കാനാണു ശ്രമിക്കുന്നത്.<br><br>കായൽ ടൂറിസം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമായ മാലിന്യ സംസ്കരണത്തിനായി എച്ച് ബ്ലോക്ക് കായലിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ